**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2067** **12-02-2024 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വർക്കല ശിവഗിരി മഠത്തിലെ നമുക്ക് ജാതിയില്ല വിളംബര സ്മാരക മ്യൂസിയത്തിന്റെയും ശിവഗിരി തീർത്ഥാടന ഓഡിറ്റോറിയത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങളിൽ നേരിടുന്ന സാങ്കേതിക തടസ്സം നീക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (എ) | ശ്രീനാരായണ ഗുരുദേവന്റെ 'നമുക്ക് ജാതിയില്ല' വിളംബരം ശതാബ്ദി സ്മാരക മ്യൂസിയം നിർമ്മാണവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും ചീഫ് സെക്രട്ടറി, ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം 06.12.2021-ന് വീഡിയോ കോൺഫറൻസ് മുഖേന കൂടിയിരുന്നു. മ്യൂസിയം നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുവാൻ നിർദ്ദേശിച്ചതിനെ തുടർന്ന് 08/04/2022ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ടവരുടെ യോഗം ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കിയിരുന്നു. വർക്കലയിലെ വലിയ തുരങ്കത്തിന്റെ വീതി വർദ്ധിപ്പിക്കുന്നതും മ്യൂസിയം കെട്ടിടത്തിന്റെ നിർമ്മാണം മൂലം ടണലിനു കേടുപാടുകൾ സംഭവിക്കാതിരിക്കുവാൻ സ്വീകരിക്കേണ്ട കരുതലുകളും സംബന്ധിച്ച് IIT പാലക്കാട് മുഖേന പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ടി യോഗത്തിൽ നിർദ്ദേശിച്ചുവെങ്കിലും പാലക്കാട് IIT യിൽ നിന്നും പ്രതികരണമൊന്നും ലഭ്യമായില്ല. തുടർന്ന് ബഹു. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 03.10.2023-ൽ കൂടിയ മീറ്റിംഗിന്റെ തീരുമാന പ്രകാരം ടണലിന് മുകളിലും സമീപ സ്ഥലങ്ങളിലും സമാനമായ മറ്റ് കെട്ടിടങ്ങൾ നിലനിൽക്കുന്ന സ്ഥിതിക്ക് മ്യൂസിയം നിർമ്മാണത്തിന് മാത്രമായി നിയന്ത്രണങ്ങൾ കൊണ്ടുവരുന്നത് അഭികാമ്യമല്ല എന്നും ആയതിനാൽ പശ്ചിമതീര കനാൽ പാത വികസനം പ്രായോഗികമാകുമ്പോൾ പൊതുതാല്പര്യ പ്രകാരമുള്ള അപ്പോഴത്തെ നിർദ്ദേശങ്ങളോട് ഒത്തുപോകണമെന്നും ആവശ്യമായ |

| | | | |
|---|---|---|---|
| | | | മാറ്റങ്ങളോ ബലപ്പെടുത്തലുകളോ ആകാമെന്ന നിബന്ധനകളോടെ മ്യൂസിയം നിർമ്മാണം പുനരാരംഭിക്കാമെന്നും തീരുമാനമായി. ആയതിന്മേൽ ട്രസ്റ്റ് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇൻലാന്റ് നാവിഗേഷൻ ഡിവിഷൻ, കൊല്ലവുമായി ഉടമ്പടി കരാർ വെയ്ക്കുന്നതിന് 18.01.2024-ൽ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ശിവഗിരി തീർത്ഥാടന ഓഡിറ്റോറിയം ഉൾപ്പെട്ട ശിവഗിരി മഠത്തിന്റെ കോമ്പൗണ്ടിൽ നിലവിലുള്ള ക്രമവൽക്കരിക്കാത്ത എല്ലാ കെട്ടിടങ്ങളും ക്രമവൽക്കരിക്കുന്നതിനായി ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരം ആവശ്യമുള്ളതിനാൽ പ്ലാനും അനുബന്ധ രേഖകളും 24-05-2023-ന് BA 2/23-24 നമ്പർ കത്ത് പ്രകാരം മുനിസിപ്പാലിറ്റിയിൽ നിന്നും ജില്ലാ ടൗൺ പ്ലാനർക്ക് സമർപ്പിച്ചിരുന്നു. എന്നാൽ സമർപ്പിച്ച പ്ലാനിൽ അപാകത ഉള്ളതായി അറിയിച്ചതിൻപ്രകാരം ആയത് പരിഹരിച്ച് നൽകുന്നതിന് അപേക്ഷകന് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് 21.1.2021 ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്; ആയതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | ശ്രീനാരായണ ഗുരുദേവന്റെ 'നമുക്ക് ജാതിയില്ല' വിളംബരം ശതാബ്ദി സ്മാരക മ്യൂസിയം നിർമ്മാണവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും ചീഫ് സെക്രട്ടറി, ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം 06.12.2021-ന് വീഡിയോ കോൺഫറൻസ് മുഖേന കൂടിയിരുന്നു. മ്യൂസിയം നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുവാൻ നിർദ്ദേശിച്ചതിനെ തുടർന്ന് 08/04/2022ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ടവരുടെ യോഗം ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കിയിരുന്നു. വർക്കലയിലെ വലിയ തുരങ്കത്തിന്റെ വീതി വർദ്ധിപ്പിക്കുന്നതും മ്യൂസിയം കെട്ടിടത്തിന്റെ നിർമ്മാണം മൂലം ടണലിനു കേടുപാടുകൾ സംഭവിക്കാതിരിക്കുവാൻ സ്വീകരിക്കേണ്ട കരുതലുകളും സംബന്ധിച്ച് IIT പാലക്കാട് മുഖേന പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ടി യോഗത്തിൽ നിർദ്ദേശിച്ചുവെങ്കിലും പാലക്കാട് IIT യിൽ നിന്നും പ്രതികരണമൊന്നും ലഭ്യമായില്ല. തുടർന്ന് ബഹു. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 03.10.2023-ൽ കൂടിയ മീറ്റിംഗിന്റെ തീരുമാന പ്രകാരം ടണലിന് മുകളിലും സമീപ സ്ഥലങ്ങളിലും സമാനമായ മറ്റ് കെട്ടിടങ്ങൾ നിലനിൽക്കുന്ന സ്ഥിതിക്ക് മ്യൂസിയം നിർമ്മാണത്തിന് |

| | | | |
|---|---|---|---|
| | | | മാത്രമായി നിയന്ത്രണങ്ങൾ കൊണ്ടുവരുന്നത് അഭികാമ്യമല്ല എന്നും ആയതിനാൽ പശ്ചിമതീര കനാൽ പാത വികസനം പ്രായോഗികമാകുമ്പോൾ പൊതുതാല്പര്യ പ്രകാരമുള്ള അപ്പോഴത്തെ നിർദ്ദേശങ്ങളോട് ഒത്തുപോകണമെന്നും ആവശ്യമായ മാറ്റങ്ങളോ ബലപ്പെടുത്തലുകളോ ആകാമെന്ന നിബന്ധനകളോടെ മ്യൂസിയം നിർമ്മാണം പുനരാരംഭിക്കാമെന്നും തീരുമാനമായി. ആയതിന്മേൽ ട്രസ്റ്റ് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇൻലാന്റ് നാവിഗേഷൻ ഡിവിഷൻ, കൊല്ലവുമായി ഉടമ്പടി കരാർ വെയ്ക്കുന്നതിന് 18.01.2024-ൽ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ശിവഗിരി തീർത്ഥാടന ഓഡിറ്റോറിയം ഉൾപ്പെട്ട ശിവഗിരി മഠത്തിന്റെ കോമ്പൗണ്ടിൽ നിലവിലുള്ള ക്രമവൽക്കരിക്കാത്ത എല്ലാ കെട്ടിടങ്ങളും ക്രമവൽക്കരിക്കുന്നതിനായി ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരം ആവശ്യമുള്ളതിനാൽ പ്ലാനും അനുബന്ധ രേഖകളും 24-05-2023-ന് BA 2/23-24 നമ്പർ കത്ത് പ്രകാരം മുനിസിപ്പാലിറ്റിയിൽ നിന്നും ജില്ലാ ടൗൺ പ്ലാനർക്ക് സമർപ്പിച്ചിരുന്നു. എന്നാൽ സമർപ്പിച്ച പ്ലാനിൽ അപാകത ഉള്ളതായി അറിയിച്ചതിൻപ്രകാരം ആയത് പരിഹരിച്ച് നൽകുന്നതിന് അപേക്ഷകന് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ